## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1401 31-10-2019 -ൽ മറുപടിക്ക്

## പ്രളയവും ഉരുൾപൊട്ടലും മൂലമുണ്ടായ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. രാജൻ**<br>**ശ്രീ. ജി.എസ്.ജയലാൽ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2019-ലെ പ്രളയവും ഉരുൾപൊട്ടലും മൂലമുണ്ടായ നാശനഷ്ടങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | പ്രളയത്തിൽ വിവിധ മേഖലകളിൽ ഉണ്ടായ നഷ്ടങ്ങളുടെ വിവരം ലഭ്യമാക്കുമോ; | ബി) | 2019-ൽ കേരളത്തിലുണ്ടായ മഴക്കെടുതിയിലും ഉരുൾപ്പൊട്ടലിലുമായി 2101.881 കോടി രൂപയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| സി) | 2018-ലെ പ്രളയത്തെ അപേക്ഷിച്ച് 2019-ലെ പ്രളയം എന്തൊക്കെ കാരണങ്ങളാൽ വ്യത്യസ്തമാണെന്ന് വ്യക്തമാക്കുമോ; | സി) | അടുത്തടുത്ത വർഷങ്ങളിൽ അതിതീവ്ര മഴ മൂലമുള്ള ദുരന്തം 68 വർഷത്തിനിടയിൽ ആദ്യമായാണ് കേരളം നേരിടുന്നത്. മഴയുടെ തീവ്രത 2018 ലേതിലും കൂടുതൽ ആയിരുന്നെങ്കിലും, വടക്കൻ കേരളത്തിൽ ആണ് 2019 ലെ പ്രളയ കാരണമായ മഴയുടെ തീവ്രത കൂടുതലായി അനുഭവപ്പെട്ടത്. മലയോര മേഖലയിൽ കൂടുതലായി പെയ്ത മഴ വ്യാപകമായ ഉരുൾപൊട്ടൽ മണ്ണിടിച്ചിൽ എന്നിവയ്ക്ക് കാരണമായി.<br>2018 ലെ പ്രളയത്തിന്റെ ആഘാതത്തിൽ നിന്ന് കരകയറി വന്നുകൊണ്ടിരുന്ന കേരള സമൂഹത്തിന് 2019 ലെ പ്രളയം വലിയ തിരിച്ചടിയാണ് നൽകിയത്. കവളപാറയിലെയും പുത്തുമലയിലെയും രണ്ട് വലിയ ഉരുൾപൊട്ടലിൽ കേരളത്തിന് നഷ്ടമായത് 76 വിലപ്പെട്ട ജീവനുകളാണ്. 31000 ഹെക്ടർ സ്ഥലത്തെ കൃഷിയാണ് കേരളത്തിൽ നഷ്ടപെട്ടത്. കേന്ദ്ര മാനദണ്ഡ പ്രകാരം തന്നെ 41 കോടി രൂപയുടെ നാശ നഷ്ടം ഉണ്ടായിട്ടുണ്ട്. ജലസേചന മേഖലയിൽ 116 കോടിയുടെ നഷ്ടവും, വൈദ്യുത മേഖലയിൽ 103 കോടി രൂപയുടെ നഷ്ടവും, പൊതുമരാമത്ത് റോഡുകൾക്കും പാലങ്ങൾക്കും 205 കോടി രൂപയുടെ നഷ്ടവും, തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള നിർമ്മിതികൾക്ക് 170 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അടിയന്തിര സഹായമായി 316 കോടി രൂപയും, ക്യാമ്പുകളുടെയും മറ്റും നടത്തിപ്പിന് 265 കോടി രൂപയും, വീടുകളുടെ നാശനഷ്ടത്തിന് 748 കോടി രൂപയും കേന്ദ്ര മാനദണ്ഡ പ്രകാരം നാശ നഷ്ടമായി കണക്കാക്കി നൽകിയിട്ടുണ്ട്. |
| ഡി) | രണ്ടാം പ്രളയത്തിൽ ഉപജീവന ഉപാധികളും അവസരങ്ങളും നഷ്ടമായതുമൂലമുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | ഡി) | രണ്ടാം പ്രളയത്തിൽ ഉപജീവന ഉപാധികളും അവസരങ്ങളും നഷ്ടമായതുമൂലമുള്ള നഷ്ടം കണക്കാക്കി വരുന്നു. |
| ഇ) | രണ്ടാം പ്രളയത്തിന് ശേഷമുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ചും പുനർ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | ഇ) | 2019 ലെ പ്രളയത്തിൽ ക്യാമ്പിൽ താമസിച്ച കുടുംബങ്ങൾ, ആലപ്പുഴയിലെ ഗ്രൂവൽ സെന്ററിൽ എത്തിയവരായ കുടുംബങ്ങൾ എന്നിങ്ങനെ 1,21,991 കുടുംബങ്ങൾക്ക് 10,000 രൂപയുടെ ധനസഹായമാണ് നൽകിയിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷത്തിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനു മേലെ എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായനിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.<br>പൂർണ്ണമായും സ്ഥലം ഒഴുകി പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട്ടു നിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ, ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തകർന്ന വീടുകളുടെ കണക്കെടുപ്പ് നടത്തി വരുന്നു.<br>2019 ലെ ശക്തമായ മഴയെ തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങൾ |

| | | | |
|---|---|---|---|
| | | | വേഗത്തിൽ പരിശോധിച്ച് ജനവാസയോഗ്യം ആണോ അല്ലയോ എന്ന് വ്യക്തമായ ശിപാർശ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ്, മൈനിങ് ആന്റ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി കേരളത്തിൽ 50 സംഘങ്ങളെ നിയോഗിച്ചു. ഈ സംഘത്തിൽ ഒരു ജിയോളൊജിസ്റ്റും, ഒരു മണ്ണ് സംരക്ഷണ വിദഗ്ദ്ധനും ഉണ്ടായിരിക്കും. ഇവർ കണ്ണൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, തൃശ്ശൂർ, എർണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ പരിശോധന നടത്തി വിവിധ പ്രദേശങ്ങൾ സംബന്ധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ശിപാർശകൾ നല്കി. ഇത്തരത്തിൽ മാറ്റണം എന്നു കണ്ടെത്തിയ വീടുകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ 10 ലക്ഷം രൂപ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ